# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 15<br>January 15 | 2019 |
|---|---|

*1193* മകരം 1 ചൊവ്വ

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ശിശു സംരക്ഷണ കേന്ദ്രം തണൽ അഭയകേന്ദ്രത്തിനു തുടക്കമായി**
**അനാഥരായ കുട്ടികളെ സംരക്ഷിക്കേ ത് സർക്കാരിന്റ**
**ബാധ്യത: മന്ത്രി കടകംപള്ളി സുരേന്ദ്രൻ**

അനാഥരായ കുട്ടികളെ സംരക്ഷിക്കേ ത് സർക്കാരിന്റെ ബാധ്യതയാണെന്നും ഈ ബാധ്യതയാണ് ശിശുക്ഷേമ സമിതി ഏറ്റെടുത്തിരിക്കുന്നതെന്നും സഹകരണ, ടൂറിസം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ. ശിശുക്ഷേമ സമിതിയുടെ ശിശു സംരക്ഷണ കേന്ദ്രം തണൽ അഭയകേന്ദ്രത്തിന്റെ ഉദ്ഘാടനം ഓമല്ലൂർ ഐമാലിയിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സമൂഹത്തിലെ താഴേത്തട്ടിലുള്ളവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന സർക്കാരാണ് സംസ്ഥാനത്തുള്ളതെന്നും അദ്ദേഹം പറഞ്ഞു. നിരവധി വികസന പ്രവർത്തനങ്ങളാണ് വീണാ ജോർജ് എം എൽഎയുടെ നേതൃത്വത്തിൽ ആറന്മുള മണ്ഡലത്തിൽ നടന്നു കൊ ിരിക്കുന്നത്. നിയമസഭ സാമാജികയെന്ന നിലയിലുള്ള വീണാജോർജ് എംഎൽഎയുടെ പ്രവർത്തനങ്ങളെ മന്ത്രി അനുമോദിച്ചു.

സംസ്ഥാനത്തെ ശിശു സൗഹൃദമാക്കുക എന്ന സർക്കാർ നയം നടപ്പാക്കുന്നതിനുവേ ി ശിശുക്ഷേമ സമിതി ഒട്ടനവധി പരിപാടികളാണ് സംഘടിപ്പിക്കുന്നത്. പലകാരണങ്ങളാൽ അനാഥരാകുന്ന കുട്ടികളെ പരിപാലിക്കുന്നതിനും ദത്തു നൽകി അവരെ സനാഥരാക്കുന്നതിനും വേ ി ജില്ലയിൽ ആരംഭിച്ചതാണ് തണൽ- കുട്ടികളുടെ അഭയകേന്ദ്രം. ഒൻപത് മാസം മുതൽ അഞ്ചു വയസുവരെ പ്രായമുള്ള 13 കുട്ടികളാണ് ഇവിടെയുള്ളത്. ഇവരെ പരിപാലിക്കുന്നതിനായി അഞ്ച് അമ്മമാരും, ര ു നഴ്സുമാരുമു ്.

Sample output to test PDF Combine only

മാനേജർ, ര ് സെക്യൂരിറ്റി സ്റ്റാഫ് എന്നിവരും തണൽ അഭയ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ 1517 എന്ന നമ്പറിൽ കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിളിച്ചറിയിച്ചു പരിഹാരം ക ത്താനും കഴിയുന്നു ്. സമിതിയുടെ കീഴിൽ ജില്ലകളിൽ പ്രവർത്തിക്കുന്ന അമ്മത്തൊട്ടിലുകൾ പുത്തൻ സാങ്കേതിക മികവോടെ മാറ്റങ്ങൾ വരുത്തി പുനർനിർമിക്കുകയാണ്. ദത്തെടുക്കൽ രംഗത്ത് ഹോസ്റ്റൽ കെയർ, സ്പോൺസർ എ ചൈൽഡ് എന്നിവ പ്രോത്സാഹിപ്പിക്കാനുള്ള നടപടികളും നടന്നുവരുന്നു. അമ്മത്തൊട്ടിൽ ആധുനികവത്കരിക്കുന്നതിന് വീണാ ജോർജ് എംഎൽഎ പ്രദേശിക വികസന ഫ ിൽ നിന്നും ആറു ലക്ഷം രൂപ അനുവദിച്ചു.

വീണാ ജോർജ് എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, കെ.എസ്.എഫ്.ഇ ചെയർമാൻ ഫീലിപ്പോസ് തോമസ്, ഓമല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് ഗീത വിജയൻ, സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി അഡ്വ.എസ്.പി. ദീപക്, ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ സൂസൻ മാത്യു, ജില്ലാ പഞ്ചായത്ത് അംഗം ലീല മോഹൻ, ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) ഡോ.എ.എൽ. ഷീജ, സംസ്ഥാന ശിശുക്ഷേമ സമിതി വൈസ് പ്രസിഡന്റ് അഴീക്കോടൻ ചന്ദ്രൻ, ട്രഷറർ ജി.രാധകൃഷ്ണൻ, ജോയിന്റ് സെക്രട്ടറി പി.എസ് ഭാരതി, എക ്സിക്യൂട്ടീവ് അംഗങ്ങളായ എം. കെ പശുപതി, ഒ.എം ബാലകൃഷ്ണൻ, ആർ.രാജു, ഓമല്ലൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഓമല്ലൂർ ശങ്കരൻ, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ അഭിലാഷ്, ജില്ലാ ശിശുക്ഷേമ സമിതി സെക്രട്ടറി ജി. പൊന്നമ്മ, വൈസ് പ്രസിഡന്റ് പ്രൊഫ. മോഹൻകുമാർ, ട്രഷറർ ആർ. ഭാസ്കരൻ നായർ, എക്സിക്യൂട്ടീവ് അംഗങ്ങളായ പ്രൊഫ. ടി.കെ.ജി നായർ, എ.കെ ശ്രീകുമാർ, സരസമ്മ നടരാജൻ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 145/19)

## വികസനം തടസപ്പെടുത്തുന്നവർക്ക് യുവജനങ്ങൾ മാപ്പു നൽകില്ല: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസം നിൽക്കുന്നവർക്ക് യുവസമൂഹം മാപ്പ് നൽകില്ലെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. ശിശുക്ഷേമ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ശിശു സംരക്ഷണ കേന്ദ്രം തണൽ അഭയകേന്ദ്രത്തിന്റെ ഉദ്ഘാടനം ഓമല്ലൂർ ഐമാലിയിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാഷ്ട്രീയം നാടിന്റെ വികസനത്തെ ബാധിക്കരുതെന്നും അദ്ദേഹം പറഞ്ഞു. ജില്ലാ ആസ്ഥാനത്ത് നിർമിക്കാൻ ഉദ്ദേശിച്ച 50 കോടി രൂപയുടെ സ്റ്റേഡിയം അന്താരാഷ്ട്ര നിലവാരം പുലർത്തുന്നതാണ്. നഗരസഭയ്ക്ക് ഈ തുക നൂറു വർഷം കൊ ു സമാഹരിക്കാൻ കഴിയില്ല. നാടിന്റെ സ്വപ്നത്തെയാണ് പല കാരണങ്ങൾ കൊ ് നശിപ്പിക്കുന്നത്. സാങ്കേതിക തടസങ്ങൾ പറഞ്ഞ് വികസന പ്രവർത്തനങ്ങൾ ഇല്ലാതാക്കുന്നത് നാടിന് നല്ലതല്ല. ഇപ്പോൾ സ്റ്റേഡിയത്തിന്റെ അവസ്ഥ വളരെ മോശമാണ്. ഈ സ്റ്റേഡിയം പൂർത്തിയായാൽ പത്തനംതിട്ടയുടെ മുഖം മാറും. ഇക്കാര്യം നഗരസഭ മനസിലാക്കണം. സ്റ്റേഡിയം യാഥാർഥ്യമാക്കാൻ വീണാ ജോർജ് എംഎൽഎ നടത്തുന്ന ഇടപെടലുകളെ നല്ല രീതിയിൽ മനസിലാക്കണമെന്നും അദ്ദേഹം പറഞ്ഞു. (പിഎൻപി 146/19)

## വീട് നഷ്ടപ്പെട്ടവർക്ക് സഹായഹസ്തവുമായി സംസ്ഥാന സർക്കാർ

റാന്നിയിൽ പ്രളയദുരിതത്തിൽ അകപ്പെട്ട് വീട് നഷ്ടപ്പെട്ടവർക്ക് സഹായഹസ്തവുമായി സംസ്ഥാന സർക്കാർ. പ്രളയത്തിൽ വീടുകൾക്ക് ഭാഗികമായി നാശനഷ്ടമു ായ 1478 പേർക്കാണ് ഇത്തരത്തിൽ സഹായധനം ലഭ്യമാക്കുന്നത്. 15 ശതമാനം മുതൽ 74 ശതമാനം വരെ നാശനഷ്ടം സംഭവിച്ച വീടുകൾക്കാണ് ഇപ്പോൾ

Sample output to test PDF Combine only

ധനസഹായം നൽകുന്നതെന്ന് രാജു ഏബ്രഹാം എംഎൽഎ അറിയിച്ചു.

15 ശതമാനം വരെ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് 10,000 രൂപയും 30 ശതമാനം വരെയുള്ളവർക്ക് 60,000 രൂപയും 50 ശതമാനം വരെയുള്ളവർക്ക് ഒന്നേകാൽ ലക്ഷം രൂപയും 74 ശതമാനംവരെയുള്ളവർക്ക് 2.5 ലക്ഷം രൂപയും ആണ് പ്രളയദുരിതാശ്വാസം എന്നനിലയിൽ അനുവദിച്ചിട്ടുള്ളത്. പഞ്ചായത്ത് നൽകിയ നാശനഷ്ട കണക്ക് പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. നാശനഷ്ടം സംഭവിച്ചവർ നൽകിയ ബാങ്ക് അക്കൗ ുകളി ലേക്കാണ് തുക ലഭ്യമാക്കുക. എന്നാൽ, പല ബാങ്ക് അക്കൗ ുകളും നിർജീവമായതിനാലും തെറ്റായ അക്കൗ ് നമ്പർ നൽകിയതുമൂലവും പലരുടെയും അക്കൗ ിൽ തുക ലഭ്യമായില്ല.

പ്രളയജലം കയറിയ വീടുകൾക്ക് എല്ലാം നേരത്തെ അടിയന്തര സഹായം എന്ന നിലയിൽ സർക്കാർ 10,000 രൂപ വീതം അനുവദിച്ചിരുന്നു. അതുപോലെ 74 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ച വീടുകൾ പൂർണമായും നശിച്ചതായി കണക്കാക്കി നാലു ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. ഇതുകൂടാതെയാണ് ഭാഗിക നാശം സംഭവിച്ച വീടുകൾക്ക് നഷ്ടപരിഹാരം അനുവദിച്ചിരിക്കുന്നതെന്നും രാജു ഏബ്രഹാം എംഎൽഎ അറിയിച്ചു. (പിഎൻപി 147/19)

**ഫോട്ടോ അടിക്കുറിപ്പ്**

1) ശിശുക്ഷേമ സമിതിയുടെ ശിശു സംരക്ഷണ കേന്ദ്രം തണൽ അഭയകേന്ദ്രത്തിന്റെ ഉദ്ഘാടനം ഓമല്ലൂരിൽ സഹകരണ, ടൂറിസം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിക്കുന്നു.

2) ഓമല്ലൂരിൽ ശിശുക്ഷേമ സമിതിയുടെ ശിശു സംരക്ഷണ കേന്ദ്രം തണൽ അഭയകേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ച സഹകരണ, ടൂറിസം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ കുട്ടികൾക്കൊപ്പം.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ജനുവരി 15**<br>**January 15** | **2019** |

***1193*** മകരം 1 ചൊവ്വ

# പത്രക്കുറിപ്പ് -2

**www.prd.kerala.gov.in**, **diopta1@gmail.com** **ഫോൺ0468-2222657**

## വനിതാ കമ്മീഷൻ ഇടപെടൽ; കെഎസ്ആർടിസി വനിതാ ജീവനക്കാർക്ക് പ്രത്യേക ശുചിമുറി

വനിതാ കമ്മീഷന്റെ ഇടപെടലിനെ തുടർന്ന് പത്തനംതിട്ട നഗരസഭ ബസ് സ്റ്റാൻഡിൽ കെഎസ്ആർടിസി വനിതാ ജീവനക്കാർക്ക് പ്രത്യേക ശുചിമുറി സൗകര്യം ഇന്നു(16) മുതൽ ലഭ്യമാകും. പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന വനിതാ കമ്മീഷൻ സിറ്റിംഗിൽ അംഗം ഡോ.ഷാഹിദാ കമാലിനു മുൻപാകെ കെഎസ്ആർടിസി വനിതാ ജീവനക്കാർക്ക് പ്രത്യേക ശുചിമുറി നൽകുമെന്ന് നഗരസഭ അധികൃതർ രേഖാമൂലം ഉറപ്പു നൽകി.

പത്തനംതിട്ട നഗരസഭ ബസ് സ്റ്റാൻഡിലെ ശുചിമുറി ഉപയോഗിക്കുന്ന കെഎസ്ആർടിസി വനിതാ ജീവനക്കാരോട് കരാറുകാരൻ അമിതമായി പണം വാങ്ങുന്നതായും അപമര്യാദയായി പെരുമാറുന്നുവെന്നുമുള്ള പരാതിയിന്മേൽ വനിതാ കമ്മീഷൻ അംഗം ഡോ. ഷാഹിദാ കമാൽ മുൻപ് നേരിട്ടെത്തി അന്വേഷണം നടത്തിയിരുന്നു. ഇതേ തുടർന്ന് വനിതാ ജീവനക്കാർക്ക് സൗജന്യമായി ശുചിമുറി ഉപയോഗിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തണമെന്ന് നഗരസഭയ്ക്ക് വനിതാ കമ്മീഷൻ നിർദേശവും നൽകിയിരുന്നു. എന്നാൽ, കരാറുകാരൻ വനിതാ കമ്മിഷന്റെ നിർദേശം പാലിച്ചിരുന്നില്ല. തുടർന്ന് ഇതു പരിഹരിക്കണമെന്ന് വനിതാ കമ്മീഷൻ വീ ും നഗരസഭയ്ക്കു നിർദേശം നൽകുകയായിരുന്നു. ഇതിന്റെ ഭാഗമായി നഗരസഭ അധികൃതർ കരാറുകാരനോടു വിശദീകരണം തേടിയിരുന്നു. ഭാവിയിൽ കെഎസ്ആർടിസി വനിതാ ജീവനക്കാർക്ക് ഇതുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടു ാകാതിരിക്കാൻ കരാറിൽ

Sample output to test PDF Combine only

ഉൾപ്പെടാത്ത മറ്റൊരു ശുചിമുറി തുറന്നു നൽകുന്നതിന് നഗരസഭ അധികൃതർ വനിതാ കമ്മീഷന് രേഖാമൂലം ഉറപ്പു നൽകി.

അവിവാഹിതയും ബധിരയും മൂകയുമായ കോന്നി വകയാർ സ്വദേശിനിയായ വയോധികയ്ക്കും വനിതാ കമ്മിഷൻ സംരക്ഷണം ഉറപ്പു നൽകി. ഇവരുടെ ഇളയ സഹോദരനെ മാതാവ് സംരക്ഷണ ചുമതല ഏർപ്പെടുത്തി അവകാശപ്പെട്ട കുടുംബ സ്വത്തും നൽകിയിരുന്നു. എന്നാൽ, സഹോദരന്റെ മരണശേഷം വയോധികയെ ഭാര്യയും മക്കളും സംരക്ഷിക്കാതായി. ഇതോടെ വയോധികയുടെ മറ്റൊരു സഹോദരിയും ഭർത്താവും ഇവരുടെ സംരക്ഷണം ഏറ്റെടുത്തു. എന്നാൽ, ഇവർ പ്രായമായവരായതിനാൽ തുടർന്നും സംരക്ഷണം നൽകുന്നതിന് ആരോഗ്യപ്രശ്നങ്ങൾ മൂലം ആശങ്ക നിലനിൽക്കുന്നു ്. ഇവർക്ക് സംരക്ഷിക്കാൻ കഴിയുന്നത്ര കാലം വയോധികയെ സംരക്ഷിക്കുന്നതിനു സന്നദ്ധരാണെന്നു സഹോദരി അറിയിച്ചു. സഹോദരിക്ക് വയോധികയെ സംരക്ഷിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ സാമൂഹിക വകുപ്പുമായി ബന്ധപ്പെട്ടും വനിതാ കമ്മീഷൻ അംഗം എന്ന നിലയിലും വ്യക്തിപരമായും സുരക്ഷ ഉറപ്പാക്കുമെന്ന് വനിതാ കമ്മീഷൻ അംഗം ഡോ. ഷാഹിദ കമാൽ പറഞ്ഞു.

ബന്ധം വേർപെടുത്തിയ ഭർത്താവ് കോടതി അറ്റാച്ച്മെന്റിലൂടെ അനുവദിച്ചു നൽകിയ വീട്ടിൽ കയറി അതിക്രമം കാണിക്കുന്നെന്ന പരാതിയുമായി ഏനാത്ത് സ്വദേശിനിയായ വീട്ടമ്മയും കമ്മീഷനെ സമീപിച്ചു. ഇവർക്ക് സുരക്ഷ ഉറപ്പാക്കുന്നതിനും ഹാജരാകാതിരുന്ന എതിർ കക്ഷിയെ അടുത്ത അദാലത്തിൽ ഹാജരാക്കുന്നതിനും കമ്മീഷൻ പോലീസിനു നിർദേശം നൽകി.

ആകെ 93 പരാതികളാണ് അദാലത്തിൽ പരിഗണനയ്ക്കായി എത്തിയത്. ഇതിൽ 13 പരാതികൾ തീർപ്പായി. 18 പരാതികൾ വിവിധ വകുപ്പുകളിൽ നിന്നുള്ള റിപ്പോർട്ടുകൾക്കായി അയച്ചു. ആറു പരാതികൾ കൗൺസിലിംഗിനും ഏഴ് പരാതികൾ ആർഡിഒയുടെ റിപ്പോർട്ടിനും നൽകി. 49 പരാതികൾ അടുത്ത അദാലത്തിൽ പരിഗണിക്കും.

വനിതാ കമ്മീഷൻ ഇൻസ്പെക്ടർ എം. സുരേഷ് കുമാർ, വനിതാ സെൽ എസ്ഐ എം.ആർ. ലീലാമ്മ, സിവിൽ പോലീസ് ഓഫീസർ എസ്. സ്മിത, ലീഗൽ പാനൽ ഉദ്യോഗസ്ഥരായ അഡ്വ.എൻ.കെ. പ്രേമ, അഡ്വ. കെ.ജെ. സിനി, അഡ്വ.എസ്. സീമ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 148/19)

**ഫോട്ടോ അടിക്കുറിപ്പ്**

3) പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന വനിതാ കമ്മീഷൻ സിറ്റിംഗിൽ അംഗം ഡോ.ഷാഹിദാ കമാൽ പരാതി കേൾക്കുന്നു.

4) പത്തനംതിട്ട നഗരസഭ ബസ് സ്റ്റാൻഡിൽ കെഎസ്ആർടിസി വനിതാ ജീവനക്കാർക്ക് പ്രത്യേക ശുചിമുറി സൗകര്യം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് വനിതാ കമ്മീഷൻ സിറ്റിംഗിൽ അംഗം ഡോ.ഷാഹിദാ കമാൽ ചർച്ച നടത്തുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 15<br>January 15 | 2019 |
|---|---|

***1193*** മകരം 1 ചൊവ്വ

# പത്രക്കുറിപ്പ് -3

**www.prd.kerala.gov.in**, **diopta1@gmail.com** **ഫോൺ0468-2222657**

**ജില്ലയുടെ വളർച്ച ലക്ഷ്യമിട്ട് ഡിസ്ട്രിക്ട് ഇന്നവേഷൻ കൗൺസിലിന്റെ പദ്ധതി**

## നവസംരംഭകർക്കായി സ്റ്റാർട്ട് അപ്- സാങ്കേതിക പരിജ്ഞാന ക്യാമ്പുകൾ വരുന്നു; ഉദ്ഘാടനം 17ന്

ജില്ലയുടെ വ്യവസായ വളർച്ച ലക്ഷ്യമിട്ട് ഡിസ്ട്രിക്ട് ഇന്നവേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നവസംരംഭകർക്കായി സ്റ്റാർട്ട് അപ്-സാങ്കേതിക പരിജ്ഞാന ക്യാമ്പുകൾ സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി ആശയങ്ങൾ പങ്കുവയ്ക്കാനും രൂപകൽപന ചെയ്ത ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാനും നവസംരംഭകർക്ക് അവസരം ഒരുക്കും. എല്ലാ മാസത്തിലെയും മൂന്നാം വ്യാഴാഴ്ച വൈകിട്ട് അഞ്ചു മുതൽ എട്ടു വരെയാണ് ക്യാമ്പുകൾ സംഘടിപ്പിക്കുക. ആദ്യ ക്യാമ്പിന്റെ ഉദ്ഘാടനം 17ന് വൈകിട്ട് അഞ്ചിന് തിരുവല്ല മാക്ഫാസ്റ്റ് കോളജ് ഓഡിറ്റോറിയത്തിൽ ജില്ലാ കളക്ടർ പി.ബി. നൂഹ് നിർവഹിക്കും.

സബ് കളക്ടർ വിനയ് ഗോയൽ ആമുഖ പ്രഭാഷണം നടത്തും. എമർജിംഗ് ടെക്നോളജീസ് എന്ന വിഷയം അടിസ്ഥാനമാക്കി അമേരിക്കൻ സർക്കാരിന്റെ ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് കൺസൾട്ടന്റ് ക്രിഷ് പിള്ള മുഖ്യപ്രഭാഷണം നടത്തും. അമേരിക്കയിലെ തൊമർ ഗ്രൂപ്പിന്റെ സിഇഒ തോമസ് മൊട്ടയ്ക്കൽ വ്യവസായ സംരംഭകരുമായി തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കും. യുഎസ് എയ്റോ കൺട്രോൾസ് ഡയറക്ടർ കുസുമം ടൈറ്റസ്, സിഡാറ്റ് ചീഫ് ഓർഗനൈസർ റവ. ഡോ. ഏബ്രഹാം മുളമൂട്ടിൽ എന്നിവർ പ്രസംഗിക്കും.

മധ്യതിരുവിതാംകൂറിലെ വാണിജ്യ-വ്യവസായ സംരംഭകർ, ഉന്നത വിദ്യാഭ്യാസ

Sample output to test PDF Combine only

സ്ഥാപനങ്ങളിലെ പ്രമുഖര്‍, വിദ്യാര്‍ഥികള്‍ തുടങ്ങിയവര്‍ പങ്കെടുക്കുമെന്ന് ജില്ലാ കളക്ടര്‍ പി.ബി. നൂഹ്, തിരുവല്ല സബ് കളക്ടര്‍ വിനയ് ഗോയല്‍, ചീഫ് ഓര്‍ഗനൈസര്‍ റവ.ഡോ. എബ്രഹാം മുളമ്മൂട്ടില്‍ എന്നിവര്‍ അറിയിച്ചു. (പിഎന്‍പി 149/19)




**ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്**

Sample output to test PDF Combine only